<u>ഭരണഭാഷ-മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കന്ററി  വിഭാഗം)
ജഗതി, തിരുവനന്തപുരം
**E-mail–dirdhse.dge@kerala.gov.in**
**Phone No 0471 25    80759**

നമ്പർ : **HSE/3693/2025-Ad C6**    തീയതി : **26-04-2025**

## <u>സർക്കുലർ</u>

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി വിഭാഗ ം-സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുട െ **2025-2026** അധ്യായന വർഷത്തെ പൊതുസ്ഥലംമാറ്റ ത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന
1. **02.03.2019**-ലെ സ.ഉ.(സാധാ) നം. **838/2019**/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
2. **13.08.2024**-ലെ സ.ഉ.(സാധാ) നം.**5035/2024**/പൊ.വി.വ നമ്പർ സർക്കാർ  ഉത്തരവ്
3. **27.03.2025**-ലെ സ.ഉ.(സാധാ) നം.**2282/2025/GEDN** നമ്പർ സർക്കാർ  ഉത്തരവ്
4. **09.04.2025**-ലെ സ.ഉ.(സാധാ) നം.**2592/2025**/പൊ.വി.വ. നമ്പർ സർക്കാർ  ഉത്തരവ്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **07.04.2025**-ലെയും **16.04.2025**-ലെയും **HSE/3693/2025-AD C6** നമ്പർ സർക്കുലറുകൾ
6. **18.04.2025**-ലെ കൈറ്റ്/**2025/1748(10)** നമ്പർ സർക്കുലർ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **19.04.2025**-ലെ

**7. HSE/3693/2025-AdC6** നമ്പർ സർക്കുലർ

സൂചന **1** മുതൽ **4** വരെ സർക്കാർ ഉത്തരവുകളുടെ തുടർച്ചയായി സൂചന **5** പ്രകാരം സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ അധ്യാപകരുടെ സ്ഥലംമാറ്റവും നിയമനവും നടത്തുന്നതിനായി അധ്യാപകരുടെ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യാനും അത് പരിശോധിച്ച് പ്രിൻസിപ്പാൾമാർ കൃത്യമായ വേക്കൻസി റിപ്പോർട്ട് ചെയ്യുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രൊഫൈൽ അപ്ഡേറ്റിന്റെ ഭാഗമായി സാങ്കേതിക ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന്റെ വിശദാംശങ്ങൾ സൂചന **6, 7** സർക്കുലറുകളിലും വ്യക്തമാക്കിയിട്ടുണ്ട്.

ഇതിന്റെ തുടർച്ചയായി സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുടെ **2025-26** വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. **03.05.2025** തീയതി വൈകുന്നേരം **5** മണിവരെ ഓൺലൈൻ മുഖേന **(www.dhsetransfer.kerala.gov.in** എന്ന വെബ്സൈറ്റ് മുഖേന) സ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

സ്ഥലംമാറ്റത്തിനായി അംഗീകരിച്ച മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും അപേക്ഷ സമർപ്പിക്കുന്നതിനുമുൻപ് കൃത്യമായി വായിച്ചു മനസ്സിലാക്കി അതനുസരിച്ച് അപേക്ഷിക്കേണ്ടതാണ്. അതിനുശേഷം അവ കാര്യമായി പരിശോധിച്ച് ഉറപ്പാക്കിയതിനുശേഷം മാത്രമേ അധ്യാപകർ ഓൺലൈൻ അപേക്ഷയിലെ ഡാറ്റ പ്രിൻസിപ്പാളിനു ഫോർവേഡ് ചെയ്യാൻ പാടുള്ളൂ. **പ്രൊഫൈൽ കൺഫർമേഷൻ നടത്തിയിട്ടില്ലാത്ത അധ്യാപകർക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കില്ല.** അപേക്ഷയിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പ്രസ്തുത അപേക്ഷ പ്രിൻസിപ്പാൾ നിരസിക്കേണ്ടതും വീണ്ടും അധ്യാപകർ തന്റെ ലോഗിൻ വഴി തിരുത്തൽ വരുത്തി ടി അപേക്ഷ പ്രിൻ സിപ്പാളിന് അനുവദിച്ച സമയപരിധിക്കുള്ളിൽ പുനഃസമർപ്പിക്കേണ്ടതുമാണ്. ട്രാൻസ്ഫറിന് അപേക്ഷിച്ചിട്ടുള്ള എല്ലാ

അധ്യാപകരുടെയും അപേക്ഷ പ്രിൻസിപ്പാൾ യഥാസമയം ഡയറക്ടറേറ്റിലേക്ക് നിർബന്ധമായും **forward** ചെയ്യേണ്ടതാണ്.

## 1. <u>പൊതുനിർദ്ദേശങ്ങൾ</u>

**1. 2025** മെയ് **31** ന് സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ **3** വർഷം അധ്യാപന സർവീസ് പൂർത്തിയാക്കുന്ന അധ്യാപകർക്കു മാത്രമേ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ അർഹതയുള്ളൂ. എന്നാൽ അനുകമ്പാർഹ സ്ഥലംമാറ്റത്തിനായി അപേക്ഷിക്കുന്നവർക്ക് **3** വർഷം സമയപരിധി ബാധകമല്ല.

**2.** ട്രാൻസ്ഫർ സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ട്രൈബൽ ഹില്ലി റിമോട്ട് ഏരിയാ സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് ഒരു വർഷ സേവനം ഒന്നര വർഷ സേവനമായി പരിഗണിക്കും. പ്രസ്തുത മേഖലയിലെ തുടർച്ചയായ രണ്ടുവർഷത്തെ സേവനമുള്ളവർക്ക് മാത്രമേ ഒരു വർഷം ഒന്നര വർഷമായി പരിഗണിക്കുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇത്തരം സ്കൂളുകളിൽ സേവനം ചെയ്യുന്ന ഹയർ സെക്കൻഡറി അധ്യാപകർക്ക് **2025** മെയ് **31** ന് രണ്ടുവർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കാം.

**3.** സ്ഥലംമാറ്റം ആവശ്യമുള്ളതും **2025** മെയ് **31** തീയതിക്കകം സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ **3** വർഷം അധ്യാപനം പൂർത്തീകരിക്കുന്നവരുമായ എല്ലാ അധ്യാപകർക്കും സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്. **പൊതുസ്ഥലം മാറ്റത്തിനായി അധ്യാപകർക്ക് പരിധിയില്ലാതെ സ്കൂളുകൾ തിരഞ്ഞെടുക്കാവുന്നതാണ്. നിലവിൽ ഓപ്പൺ വേക്കൻസി ഇല്ലാത്ത സ്കൂളുകളിലും ഓപ്ഷൻ നല്കാവുന്നതാണ്.**

**4.** അനുകമ്പാർഹ സ്ഥലംമാറ്റത്തിന് ഒരു റവന്യൂ ജില്ലയിൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരം ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ജില്ലാടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും കണക്കാക്കി അതിന്റെ **10%** അനുകമ്പാർഹ സ്ഥലംമാറ്റത്തിനർഹതയുള്ളതായി പരിഗണിക്കുന്നതാണ്.

പ്രത്യേക മുൻഗണനാ സ്ഥലംമാറ്റങ്ങൾ ഒരു ജില്ലയിൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരമുള്ള എല്ലാ ഒഴിവുകളും ജില്ലാടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും കണക്കാക്കിയാണ് അതിന്റെ **20%** ആയി

നിജപ്പെടുത്തി പരിഗണിക്കുന്നതാണ്.

**5.** സംസ്ഥാനത്തെ പഞ്ചായത്ത് സ്കൂളുകളിലെ ഗവ. സർവ്വീസ് ഓപ്റ്റ് ചെയ്ത അധ്യാപകർക്കും ജനറൽ ട്രാൻസ്ഫർ നോംസ് ബാധകമായിരിക്കുന്നതാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേക്ക് അപേക്ഷ സമർപ്പിച്ച് ട്രാൻസ്ഫർ ലഭിക്കുന്നപക്ഷം ടി അധ്യാപകർക്ക് ബന്ധപ്പെട്ട വകുപ്പിന്റെ നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

**6.** നിലവിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിലനിൽക്കുന്ന **HSST** ജൂനിയർ ഇംഗ്ലീഷ് അധ്യാപകർ പൊതു സ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല.

**7.** തെറ്റായ വിവരങ്ങൾ നൽകി ട്രാൻസ്ഫർ നേടുന്നതും, വിവരങ്ങൾ കൃത്യമായി നൽകാതെ ട്രാൻസ്ഫർ പ്രക്രിയയിൽ നിന്നു മാറുന്നതും ഒരുപോലെ കുറ്റകരമാണ് എന്നതിനാൽ ഇത്തരം കേസുകളിൽ സൂചന **1** സർക്കാർ ഉത്തരവിൽ **8(VIII)**ൽ പറഞ്ഞ നടപടികൾക്കു പുറമെ ലഭ്യമായ ഒഴിവുകളിലേക്ക് ഇത്തരം അധ്യാപകരെ സ്ഥലം മാറ്റുന്നതാണ്.

**2.** <u>പ്രൊഫൈൽ അപ്ഡേറ്റുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃത്യമാക്കുക</u>

**1.** പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യുന്ന സമയത്ത് പരിരക്ഷിത വിഭാഗത്തിൽ ഉൾപ്പെടുത്തിയവർ (ഇത് **Retained Posts** എന്ന വിഭാഗത്തിൽ പോർട്ടലിൽ കാണാവുന്നതാണ്) പ്രസ്തുത ആനുകൂല്യം ലഭിക്കാനായി അവർ സമർപ്പിച്ച രേഖകൾ ട്രാൻസ്ഫർ പ്രക്രിയയുടെ സമയത്തും അതിനുശേഷവും ആഭ്യന്തര വിജിലൻസ് പരിശോധനയ്ക്ക് കൂടി വിധേയമാക്കുന്നതാണ്. അതിനാൽ **Profile Update** സമയത്ത് അവ്യക്തമായോ, തെറ്റായോ രേഖകൾ നൽകുകയും തന്മൂലം ആ തസ്തിക 'പരിരക്ഷിത വിഭാഗത്തിൽ ഉൾപ്പെടുകയോ ചെയ്താൽ സൂചന **1** ഉത്തരവിലെ **8(VIII)** വ്യവസ്ഥ പ്രകാരം കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**2.** പ്രൊഫൈൽ അപ്ഡേറ്റിൽ നൽകിയ വിവരങ്ങളിൽ പിശക് പറ്റിയിട്ടുണ്ടോ എന്ന് എല്ലാ അധ്യാപകരും ഒരിക്കൽ കൂടി പരിശോധിക്കേണ്ടതാണ്. അതിനായി

**(a)** അധ്യാപകരുടെ ലോഗിനിൽ **Transfer Application** എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തുറന്നുവരുന്ന പേജിലെ ഒന്നാം ഭാഗമായ '**Employee details**' എന്ന ശീർഷകത്തിന് താഴെ കാണുന്ന മുഴുവൻ വിവരങ്ങളുടെയും കൃത്യത പരിശോധിക്കുക.

**(b)** രണ്ടാം ഭാഗമായ '**Service Details Calculation–Currrent Designation**' എന്ന ശീർഷകത്തിന് താഴെ കാണുന്ന മുഴുവൻ വിവരങ്ങളുടെയും കൃത്യത പരിശോധിക്കുക.

**(c)** ഈ വിവരങ്ങളിൽ പിശകുകൾ വരുന്നു ണ്ടെങ്കിൽ അത് അധ്യാപകരുടെ '**My Profile Page**' ലെ '**Service Details**'ൽ തെറ്റായ വിവരങ്ങൾ നൽകിയതുകൊണ്ടും ആവശ്യമുള്ള വിവരങ്ങൾ പൂർണമായും നൽകാത്തതുകൊണ്ടുമാണ്. **(Eg: 'Service details**-ലെ **Relieving Reasons** രേഖപ്പെടുത്താത്തവർ).

**(d) Profile update**-ൽ മേൽ പറഞ്ഞ തിരുത്തലുകൾ വരുത്തേണ്ട പ്രിൻസിപ്പാൾമാർക്ക്/ അധ്യാപകർക്ക് ബന്ധപ്പെട്ട രേഖകളോടെ തിരുവനന്തപുരം ജഗതിയിലുള്ള ഹയർസെക്കൻഡറി ഡയറക്ടറേറ്റിൽ വരുന്നപക്ഷം ആയത് പരിശോധിച്ച് പരിഗണിക്കാൻ **2025** ഏപ്രിൽ **28, 29** തീയ്യതികളിൽ സൗകര്യം ഒരുക്കുന്നതാണ്. മറ്റൊരു അവസരം നൽകുന്നതല്ല.

**(e)**ട്രാൻസ്ഫർ പോർട്ടലിലെ **Retained Posts** പോലെത്തന്നെ **Blocked Posts** എന്ന വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്കൂളുകളിലെ പ്രിൻസിപ്പാൾമാർ തങ്ങളുടെ സ്കൂളിലെ പ്രസ്തുത പോസ്റ്റുകൾ ഈ വിഭാഗത്തിൽ പെടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ബ്ലോക്ക് ചെയ്യേണ്ട ഏതെങ്കിലും തസ്തികകൾ അപ്രകാരം ചെയ്യാത്തതുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. **Blocked post**-ൽ വ്യത്യാസം വരുന്നപക്ഷം പ്രിൻസിപ്പാൾമാർ അത് **dhsetransfer@kite.kerala.gov.in** ൽ അറിയിക്കേണ്ടതാണ്.

**3.** <u>**ഓപ്പൺ വേക്കൻസികളായി പരിഗണിക്കുന്ന ഒഴിവുകൾ**</u>

**a)** അധ്യാപകർ ഒരു ഹോംസ്റ്റേഷനിൽ/ഒരു റവന്യൂ ജില്ലയിൽ **2025** മെയ് **31** ന് അഞ്ചുവർഷം സേവനം പൂർത്തിയാക്കിയ തസ്തികകൾ.

**b) 2025** മെയ് **31** വരെയുള്ള പ്രിൻസിപ്പാൾ റിട്ടയർമെന്റ് ഉൾപ്പെടെയുള്ള എല്ലാ അധ്യാപക ഒഴിവുകളും.

**c)** ആദ്യമായി പി.എസ്.സി നിയമനം/ബൈട്രാൻസ്ഫർ നിയമനം ലഭിച്ച അധ്യാപകരെ നിയമിച്ച തസ്തികകൾ.

**d) 16.02.2024**-ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ച എല്ലാ അധ്യാപകരുടെയും തസ്തികകൾ.

**e) 16.02.2024**-ലെ പൊതുസ്ഥലംമാറ്റ ഉത്തരവിനു ശേഷം **LWA, Deputation** ഉൾ പ്പെടെ പൊതുവിദ്യാഭ്യാസ ഡയറക്ടർ **Conditional Status**-ൽ നിയമിച്ച എല്ലാ തസ്തികകളും.

**4. <u>നിർബന്ധമായും ഓൺലൈൻ ട്രാൻസ്ഫർ അപേക്ഷ നൽകേണ്ടവർ</u>**

**a)**ഹോംസ്റ്റേഷൻ/ഒരു റവന്യൂജില്ലയിൽ 5 വർഷമായി തുടരുന്നവർ.

**b)16.02.2024** പൊതുസ്ഥലംമാറ്റ ഉത്തരവിൽ അനുകമ്പാർഹ സ്ഥലംമാറ്റം **(Compassionate Ground)** ലഭിച്ച അധ്യാപകർ.

**c) 2023-24** ലെ സ്റ്റാഫ് ഫിക്സേഷൻമൂലം(സൂചന 6) പോസ്റ്റിങ് സ്റ്റാറ്റസ് **excess** ആയി പ്രൊഫൈൽ അപ്ഡേറ്റ് ചെയ്തവർ.

**d)** പ്രിൻസിപ്പാൾ പ്രൊമോഷൻമൂലം (സൂചന 7) പോസ്റ്റിങ് സ്റ്റാറ്റസ് **excess** ആയി പ്രൊഫൈൽ അപ്ഡേറ്റ് ചെയ്തവർ.

**5 . <u>അനുകമ്പാർഹ സ്ഥലംമാറ്റത്തിന് (Compassionate Transfer) അപേക്ഷ സമർപ്പിക്കേണ്ടുന്ന വിധം</u>**

**a)** ജില്ലാ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും (**01.06.2024**ന് ശേഷം ലഭ്യമായിട്ടുള്ളത്) അനുബന്ധ രേഖകളും ട്രാൻസ്ഫർ പോർട്ടലിൽ അപ്-ലോഡ് ചെയ്യേണ്ടതാണ്. അനുബന്ധ ഡോക്യുമെന്റുകൾ ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ അവ ഒറ്റ ഫയൽ ആക്കിയതിനു ശേഷം മാത്രം (1 MB യിൽ താഴെ ഫയൽ സൈസിൽ) അപ്-ലോഡ് ചെയ്യുക. തുടർന്ന് പ്രിൻസിപ്പാൾ ഇത് പരിശോധിച്ച് അതിനനുസരിച്ച് കൺഫോം ചെയ്യേണ്ടതാണ്. ഈ രേഖകൾ **05.05.2025-ന് 4.00 മണിക്ക്** മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കൻഡറി വിഭാഗം, ജഗതി, തിരുവനന്തപുരം-14 എന്ന അഡ്രസ്സിൽ ലഭ്യമാക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷയുടെ കവറിന്റെ പുറത്ത് **"പൊതുസ്ഥലംമാറ്റം അനുകമ്പാർഹം"** എന്ന് ചുവന്ന മഷിയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

**b)** ജനറൽ ട്രാൻസ്ഫറിൽ പ്രഥമ ഓപ്ഷൻ നൽകുന്ന സ്കൂൾ ഏത് ജില്ലയിൽ ഉൾപ്പെടുന്നുവോ ആ ജില്ലയിലായിരിക്കും അനുകമ്പാർഹ സ്ഥലംമാറ്റത്തിനായി തയാറാക്കുന്ന റാങ്ക് ലിസ്റ്റിൽ പ്രസ്തുത അധ്യാപകനെ പരിഗണിക്കുന്നത്.

**c)** അനുകമ്പാർഹ സ്ഥലം മാറ്റത്തിന് അപേക്ഷിക്കുന്ന അധ്യാപകർ ഹാജരാക്കുന്ന രേഖകൾ മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതും ഇക്കാര്യം പരിശോധിച്ച് ഉറപ്പാക്കിയശേഷം മാത്രം പ്രിൻസിപ്പാൾമാർ അംഗീകരിക്കേണ്ടതുമാണ്. ഇപ്രകാരം അംഗീകരിക്കുന്ന രേഖകൾ ആഭ്യന്തര വിജിലൻസ് പരിശോധനയ്ക്ക് വിധേയമാക്കുന്നതും മാനദണ്ഡങ്ങൾക്കനുസരിച്ചല്ല എന്ന് ഏതെങ്കിലും സമയത്ത് തെളിയുന്ന പ്രകാരം സൂചന 1 ഉത്തരവിലെ 8(VIII) വ്യവസ്ഥ പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**6. <u>മുൻഗണനാ വിഭാഗത്തിൽ (Priority Category) അപേക്ഷ സമർപ്പിക്കുന്ന വിധം</u>**

**a)** പ്രയോറിറ്റി കാറ്റഗറിയിലേക്ക് ട്രാൻസ്ഫർ നൽകുന്നത് അധ്യാപകരുടെ നിലവിലെ ഹോംസ്റ്റേഷനുകളിലേക്ക് മാത്രമാണ്. ജനറൽ ട്രാൻസ്ഫറിൽ പ്രയോറിറ്റി വിഭാഗത്തിൽ അപേക്ഷ സമർപ്പിക്കുന്ന അധ്യാപകർ അവരുടെ

അപേക്ഷയിൽ രേഖപ്പെടുത്തിയ പ്രയോറിറ്റി സാധൂകരിക്കുന്ന പൂർണമായും ശരിയായ രേഖകൾ ബന്ധപ്പെട്ട വകുപ്പ് അധികാരികളിൽ നിന്ന് (മെഡിക്കൽ ബോർഡ്- (1/06/2024 നു ശേഷം ലഭ്യമായിട്ടുള്ളത്) റവന്യൂ അധികൃതർ...) ലഭ്യമാക്കി അതിന്റെ കാലപരിധി പരിശോധിച്ച് പ്രിൻസിപ്പാൾമാർ അപ്-ലോഡ് ചെയ്യേണ്ടതാണ്. ഇപ്രകാരം അംഗീകരിക്കുന്ന രേഖകൾ ആഭ്യന്തര വിജിലൻസ് പരിശോധനയ്ക്ക് വിധേയമാക്കുന്നതും മാനദണ്ഡങ്ങൾ ക്കനുസരിച്ചല്ല എന്ന് ഏതെങ്കിലും സമയത്ത് തെളിയുന്ന പ്രകാരം സൂചന 1 ഉത്തരവിലെ 8(VIII) വ്യവസ്ഥ പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**b) Priority** നൽകുന്ന വിഭാഗങ്ങളുടെ പട്ടിക അനുബന്ധമായി നൽകുന്നു.

**7. ഹെൽപ്പ് ഡെസ്ക്ക്**

**(a)** ട്രാൻസ്ഫറുമായി ബന്ധപ്പെട്ട പുതിയ വിവരങ്ങൾ ഉണ്ടെങ്കിൽ ആയവ യഥാസമയം പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നതാണ്.

**(b)** സംശയങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ, ഓഫീസ് സമയത്ത് **0471-2580755, 0471-2580756** എന്ന ഹയർസെക്കൻഡറി വിഭാഗത്തിലെ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**(c) dhsetransfer@kite.kerala.gov.in** എന്ന ഇ-മെയിൽ വഴിയും സംശയങ്ങൾ ഉന്നയിക്കാവുന്നതാണ്.

Signed by
Shanavas S
Date: 26-04-2025 22:07:49

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

# അനുബന്ധം

## Priority നൽകുന്ന വിഭാഗങ്ങൾ :

1. പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട ജീവനക്കാർ
2. അന്ധരായ ഉദ്യോഗസ്ഥർ
3. വികലാംഗരായ ജീവനക്കാർ
4. മൂകരും ബധിരരുമായ ജീവനക്കാർ
5. സെറിബ്രൽ പാൾസി ഉൾപ്പെടെയുള്ള ചലനവൈകല്യം, ഭേദപ്പെട്ട കുഷ്ഠം, അസാധാരണമായ പൊക്കക്കുറവ്, ആസിഡ് ആക്രമണത്തിന് വിധേയമായവർ, പേശീ സംബന്ധമായ അസുഖമുള്ളവർ, ടൈപ്പ് 1 പ്രമേഹം (Locomotor disability including cerebral palsy, cured leprosy, dwarfism, acid attack victim, muscular dystrophy)
6. മാനസിക പ്രശ്നമുള്ളവർ (Mental disability)
7. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ/ ബുദ്ധിമാന്ദ്യമുള്ള സഹോദരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന ജീവനക്കാർ, രക്ഷിതാക്കൾ ഇല്ലാത്ത/രക്ഷിതാക്കൾക്ക് സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സഹോദരങ്ങൾ
8. ഓട്ടിസം/സെറിബ്രൽ പാൾസി, ടൈപ്പ് 1 പ്രമേഹം ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾ.
9. 50% നു മുകളിൽ വികലാംഗത്വമുള്ള കുട്ടികളുടെ മാതാപിതാക്കൾ.
10. ബധിരരും മൂകരുമായ കുട്ടികളുടെ മാതാപിതാക്കൾ.
11. യുദ്ധത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/ മകൻ/മകൾ).
12. സ്വാതന്ത്ര്യസമരസേനാനിയെ സംരക്ഷിക്കുന്ന മകൻ/മകൾ.
13. വിധവകൾ/വിഭാര്യൻ/പുനർവിവാഹംചെയ്യാത്ത വിവാഹമോചിതർ
14. മിശ്രവിവാഹിതർ
15. നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ.
16. അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന പ്രസിഡന്റ്

അല്ലെങ്കിൽ ജനറൽ സെക്രട്ടറി/ജില്ലാ പ്രസിഡന്റ് അല്ലെങ്കിൽ ജില്ലാ സെക്രട്ടറി.

17. സൈനിക സേവനം പൂർത്തിയാക്കിയ ജീവനക്കാർ.
18. ജവാന്റെ ബന്ധു (ഭാര്യ/ഭർത്താവ്/ അച്ഛൻ/അമ്മ/മകൻ/മകൾ)
19. അർദ്ധസൈനിക വിഭാഗം, ദേശീയ അന്വേഷണ ഏജൻസി എന്നിവയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/ മകൾ
20. പ്രവാസി കേരളീയരുടെ ഭർത്താവ്/ഭാര്യ.